# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല

## മിനിറ്റ്സ്, 91-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗം

തീയ്യതി : **20** സെപ്റ്റംബർ **2025**, സമയം : രാവിലെ **11.00** മണി
വേദി: കോൺഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടറിയേറ്റ്, പൂക്കോട്, വയനാട്.
(ഫയൽ നമ്പർ: KVASU/GA/B1/5330/2025)

**ഹാജരായ അംഗങ്ങൾ:**

1. ഡോ. അനിൽ. കെ.എസ്. വൈസ് ചാൻസലർ (ഇൻ–ചാർജ്ജ്) – *അധ്യക്ഷൻ*
2. ശ്രീ. സച്ചിൻദേവ്. കെ. എം. – എം.എൽ.എ. *(തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)*
3. ഡോ. ബിപിൻ. കെ.സി. *(തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)*
4. ഡോ. ശ്രീരഞ്ജിനി. എ.ആർ. *(തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)*
5. ശ്രീ. സന്തോഷ്. സി.ആർ. *(തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)*
6. ഡോ. എസ്.എൻ. രാജകുമാർ, ഫാക്കൽറ്റി ഡീൻ *(തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)*
7. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ – *മെമ്പർ സെക്രട്ടറി*

**സാന്നിധ്യം:**

1. ഡോ. സി. ലത, ഡയറക്ടർ *(അക്കാദമിക്സ് & റിസേർച്ച്)*
2. ശ്രീ. ദിനേശൻ. എ.കെ., *ഫിനാൻസ് ഓഫീസർ*
3. ശ്രീ. ശ്രീജിത്ത്. എ.വി., *യൂണിവേഴ്സിറ്റി എഞ്ചിനീയർ*

യോഗം 11.00 മണിക്ക് ആരംഭിച്ചു. അധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അധ്യക്ഷൻ)**

- ഐ.എൽ.എഫ്.സി. പൂക്കോട് ഫാമിലെ സ്ഥിരം തൊഴിലാളി ശ്രീ. രാജു.ടി. - യുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.
- സർവകലാശാലാ ജീവനക്കാർ ജോലിയിലിരിക്കെ മരണപ്പെടുമ്പോൾ ജീവനക്കാരുടെ കുടുംബത്തിന് നിശ്ചിത തുക സ്വമേധയാ ജീവനക്കാരിൽ നിന്നും സമാഹരിച്ച് നല്കുന്നത് ഉചിതമായിരിക്കുമെന്നും, ആയത് കുടുംബത്തിന് വളരെയധികം സഹായകമാകും എന്നും ചെയർ അറിയിച്ചു. സാധ്യതകൾ പരിശോധിച്ചു പ്രൊപ്പോസൽ സമർപ്പിക്കാൻ ബഹു. അംഗം ഡോ. ബിപിൻ.കെ. സി. - യെ ചുമതലപ്പെടുത്തി.
- വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവർ ബഹു. മുഖ്യമന്ത്രിയെ സന്ദർശിച്ച് സർവകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയും അധിക ഫണ്ട് അനുവദിക്കേണ്ടതിന്റെ അനിവാര്യതയും ധരിപ്പിച്ചിട്ടുണ്ടെന്ന് ചെയർ അറിയിച്ചു.

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | 27/08/2025-ന് നടന്ന 90-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | ചുവടെ പറയുന്ന മാറ്റങ്ങളോടെ 90-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു.<br><br>**ഇനം 3.3:** സർവകലാശാലയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണമെന്ന് ബഹു. അംഗം ഡോ. ശ്രീരഞ്ജിനി എ.ആർ ആവശ്യപ്പെട്ടു എന്ന് കൂട്ടിച്ചേർത്തു.<br>*നടപടി: രജിസ്ട്രാർ*<br><br>**ഇനം 3.4:** "Hon'ble High Court - ന്റെ മോശം പരാമർശങ്ങൾ" എന്നത് "Hon'ble High Court - ന്റെ കടുത്ത പരാമർശങ്ങൾ" എന്നു തിരുത്തണമെന്ന് ബഹു. അംഗം ഡോ. ബിപിൻ. കെ. സി. അറിയിച്ചു. ആയത് അംഗീകരിച്ചു.<br><br>3 വർഷം എന്നത് അംഗീകരിക്കാൻ പറ്റില്ല എന്നത് ബഹു. അംഗങ്ങളായ ഡോ. ശ്രീരഞ്ജിനി എ.ആർ., ശ്രീ. സന്തോഷ്. സി. ആർ. എന്നിവർ അറിയിച്ചു എന്ന് കൂട്ടിച്ചേർത്തു.<br>*നടപടി: രജിസ്ട്രാർ* |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.2 | 17/07/2025-ന് നടന്ന 89-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് (എ.ടി.ആർ.) | **ഇനം 1.5:** കത്ത് അടിയന്തരമായി നൽകണമെന്ന് തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ*<br><br>**ഇനം 3.7:** സർവകലാശാല പുറപ്പെടുവിച്ച ഉത്തരവിൽ കുറച്ച് ന്യൂനതകൾ ഉണ്ടെന്നും ആയത് അറിയിച്ചിട്ടുണ്ടെന്നും ബഹു. അംഗം ഡോ. ബിപിൻ കെ.സി. അറിയിച്ചു. ആയത് പരിശോധിക്കുന്നതാണെന്ന് രജിസ്ട്രാർ അറിയിച്ചു.<br>*നടപടി: രജിസ്ട്രാർ*<br><br>**ഇനം 3.12:** പേ-സ്ലിപ്പ് നൽകാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കണമെന്ന് ബഹു. അംഗം ഡോ. ശ്രീരഞ്ജിനി എ.ആർ., ആവശ്യപ്പെട്ടു എന്ന് കൂട്ടിച്ചേർത്തു.<br>*നടപടി: രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ*<br><br>**ഇനം ഒ.എ. 3:** സർവകലാശാലയിലെ അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ തീയതി നിശ്ചയിക്കണമെന്ന് ബഹു. അംഗങ്ങളായ ഡോ. ബിപിൻ കെ.സി., ഡോ. ശ്രീരഞ്ജിനി എ.ആർ. എന്നിവർ ആവശ്യപ്പെട്ടു എന്ന് കൂട്ടിച്ചേർത്തു.<br>*നടപടി: രജിസ്ട്രാർ*<br><br>മേൽ മാറ്റങ്ങളോടെ 89-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

(ഒപ്പ്)

**രജിസ്ട്രാർ** **(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ** **(അധ്യക്ഷൻ)**

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 2.1 | KVASU/DAR/Acad/A2/30308/2025<br>DAR - Academic Programmes - Approval of result - Reg. | Approved and recommended to the Management Council.<br><br>*Action: DAR* |
| 3.1 | KVASU/GA/C2/2886/2025<br>പൊതുഭരണം - സസ്പെൻഡ് ചെയ്യപ്പെട്ട ജീവനക്കാരുടെ കാര്യത്തിൽ 6 മാസ സമയ പരിധി കഴിഞ്ഞിട്ടും റിവ്യൂ നടത്തുന്നതിനുള്ള നടപടി ക്രമത്തിന്റെ അഭാവം സ്റ്റാറ്റ്യൂട്ട് പരിശോധിച്ച് സാധ്യമായ പോംവഴികൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റി - സമർപ്പിച്ച റിപ്പോർട്ട് - സംബന്ധിച്ച്. | The report of the committee was approved with the following addition as Sl. No. 12.<br>"12. The final decision on the matter will be taken by the Board of Management"<br><br>*Action: Registrar* |
| 3.2 | KVASU/GA/A5-11331/2022<br>പൊതുഭരണം - സർവ്വകലാശാലയിൽ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ടീച്ചിംഗ് അസിസ്റ്റന്റ് മാരുടെ വേതനം പരിഷ്കരിക്കുന്നതിൽ തീരുമാന മെടുക്കുന്നത് സംബന്ധിച്ച്. | (1), (2) അനുവദിച്ചു.<br><br>ഇന്ത്യയിലെ ഒട്ടുമിക്ക വെറ്ററിനറി കോളേജുകളിലും താത്ക്കാലിക അധ്യാപകരെ നിയമിക്കുന്നത് കരാർ അടിസ്ഥാനത്തിൽ ആണെന്നും വെറ്ററിനറി സർവകലാശാലയിൽ നിയമനങ്ങൾക്ക് ഏകരൂപമില്ലാതെ ചില കോളേജുകളിൽ 59 ദിവസത്തേക്ക്, ചില കോളേജുകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി 6 മാസത്തേക്ക്, മറ്റ് ചില കോളേജുകളിൽ അക്കാദമിക് വർഷത്തേക്ക് എന്നിങ്ങനെയാണ് നിയമനങ്ങൾ നടത്തുന്നതെന്ന് ബഹു. അംഗം ഡോ. ബിപിൻ കെ.സി. അറിയിച്ചു. ആയതിന് സർവകലാശാല ഒരു ഏകരൂപം ഉണ്ടാക്കേണ്ടതാണെന്ന് ബഹു. അംഗം ആവശ്യപ്പെട്ടു. |

(ഒപ്പ്)

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ**
**(അധ്യക്ഷൻ)**

| | | |
|---|---|---|
| | | ഇത്തരത്തിലുള്ള നിയമനങ്ങൾ സംബന്ധിച്ച് ഒരു പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ബഹു. അംഗങ്ങളായ ഡോ. ബിപിൻ കെ.സി., ഡോ. ശ്രീരഞ്ജിനി എ.ആർ. എന്നിവരെ ചുമതലപ്പെടുത്തി.<br><br>*നടപടി: രജിസ്ട്രാർ* |
| 3.3 | KVASU/GA/A4/199/2022<br>പൊതുഭരണം - സ്റ്റേറ്റ് പ്ലാൻ പ്രൊജക്റ്റ് - 2025-26- "ഇംപ്ലിമെന്റേഷൻ ഓഫ് ഇ ഗവർണൻസ്" എന്ന പ്ലാൻ പദ്ധതിക്ക് കീഴിൽ ടെക്നിക്കൽ ഓഫീസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ ശ്രീ. നിധിൻ തദ്ദേയൂസ് ജേക്കബ്-ന്റെ കരാർ കാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: രജിസ്ട്രാർ* |
| 3.4 | KVASU/GA/LO/1874/2025<br>പൊതുഭരണം - തൊഴിലാളി വിഭാഗം - സർവ്വകലാശാലയുടെ യു.എൽ.എഫ് & എഫ്.ആർ.ഡി.എസ് സ്റ്റേഷനിലെ സ്ഥിരം തൊഴിലാളിയായ ശ്രീ. സനീഷ് എ.എസ്.,-ന് സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന ആവശ്യത്തിനായി 21.07.2025 മുതൽ 20.07.2030 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അല്ലാതെയുള്ള ശൂന്യ വേതന അവധി അനുവദിച്ച നടപടിക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച് | സാധൂകരണം നൽകി.<br><br>*നടപടി: രജിസ്ട്രാർ* |
| 3.5 | KVASU/GA/A3/509/2024<br>പൊതുഭരണം - പൊതു അവധി ദിവസങ്ങളിൽ ഡ്യൂട്ടിക്ക് ഹാജരാകുന്ന ടെക്നിക്കൽ വിഭാഗം ജീവനക്കാർക്ക് വീക്കിലി ഓഫ്, കോമ്പൻസേഷൻ ലീവ് എന്നിവ അനുവദിക്കുന്നത് - സംബന്ധിച്ച്. | നിലവിൽ അനുമതി നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു.<br><br>ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പരിശോധിച്ചതിൻ പ്രകാരമാണ് വീക്കിലി ഓഫ്, കോമ്പൻസേഷൻ ലീവ് എന്നിവ അനുവദിച്ചു കൊണ്ട് ഉത്തരവായത്. ആയതിൽ പമ്പ് ഓപ്പറേറ്റർ പോലുള്ള |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| | | |
|---|---|---|
| | | തസ്തികകൾ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. സർക്കാർ ഉത്തരവിൽ ഈ തസ്തികകൾ ഉണ്ടെങ്കിൽ അവധി നൽകണമെന്നാവശ്യപ്പെട്ട് സമർപ്പണം ലഭ്യമാവുകയാണെങ്കിൽ ഈ വിഷയം പരിശോധിക്കുന്നതിന് തീരുമാനിച്ചു.<br><br>പമ്പ് ഓപ്പറേറ്റർ ജീവനക്കാർക്ക് 300 രൂപ പ്രത്യേക അലവൻസ് സർവകലാശാലയിൽ നൽകുന്നില്ല എന്ന് ബഹു. അംഗം ശ്രീ. സന്തോഷ് സി.ആർ. അറിയിച്ചു. ആയത് പരിശോധിക്കുന്നതിന് തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.6 | KVASU/GA/A4/2757/2025<br>പൊതുഭരണം - സർവകലാശാല ആസ്ഥാനത്തെ പൂന്തോട്ട പരിപാലനം/ ശുചീകരണ പ്രവർത്തികൾ എന്നീ ജോലികൾക്കായി വൈത്തിരി ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീയിൽ നിന്നും താൽക്കാലിക സേവനം എർപ്പെടുത്തിയ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്. | 01-10-2025 തീയതി മുതൽ വേതനം വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി. വേതനം കുടുംബശ്രീ തൊഴിലാളികളുടെ വ്യക്തിഗത ബാങ്ക് അക്കൌണ്ടുകളിലേക്ക് നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും, ബന്ധപ്പെട്ട കുടുംബശ്രീ സി.ഡി.എസ്. - ന്റെ ബാങ്ക് അക്കൌണ്ടിലേക്ക് കൈമാറേണ്ടതുമാണ്.<br><br>*നടപടി: രജിസ്ട്രാർ*<br>*അറിവിലേക്കായി: ഫിനാൻസ് ഓഫീസർ* |
| 3.7 | KVASU/GA/C3/1214/2024<br>GA - Disciplinary Proceedings of Dr. M.K. Narayanan and Dr. R. Kanthanathan (Under Suspension) - Representation of officers in response to the notice on the disciplinary action proposed by the 90th BoM - Imposing penalty - Reg. | ബഹു. അംഗങ്ങളായ ശ്രീ. സച്ചിൻദേവ് കെ.എം. - എം.എൽ.എ., ഡോ. ബിപിൻ കെ.സി., ഡോ. ശ്രീരഞ്ജിനി. എ.ആർ, ശ്രീ. സന്തോഷ്. സി.ആർ. എന്നിവരുടെ വിയോജിപ്പോട് കൂടി, 90-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗം തീരുമാനിച്ച ശിക്ഷാ നടപടികൾ നടപ്പിലാക്കാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിലെ ക്ലോസ് 226(2), 228 പ്രകാരം തുടർ |

(ഒപ്പ്)

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

വൈസ് ചാൻസലർ
(അദ്ധ്യക്ഷൻ)

| | | |
|---|---|---|
| | | നടപടികൾ സ്വീകരിക്കാൻ അനുമതി നൽകി.<br><br>ബോർഡ് ഓഫ് മാനേജ്മെന്റ് പ്രതിധിനിധികൾ ഇവരെ ഹിയറിംഗ് ചെയ്യേണ്ടതും ആയത് ഡോക്കുമെന്റ് ചെയ്യേണ്ടതുണ്ടെന്നും ബഹു. അംഗം ശ്രീ. സച്ചിൻദേവ്- എം.എൽ.എ. അഭിപ്രായ പ്പെട്ടു. ഇവർ ഹിയറിംഗ് വേണ്ടതില്ല എന്നറിയിക്കുകയാണെങ്കിൽ വിഷയം അവിടെ അവസാനിപ്പിക്കാവുന്നതുമാണെ ന്നറിയിച്ചു.<br><br>ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങളുടെ ഒരു കമ്മിറ്റി രൂപീകരിച്ച് ഇവരെ ഹിയറിംഗ് ചെയ്യുന്നതിന് തീരുമാനിച്ചു. കമ്മിറ്റി അംഗങ്ങളെ രജിസ്ട്രാർ വൈസ് ചാൻസലറുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.<br><br>അജണ്ടക്കുറിപ്പുകൾ തയ്യാറാക്കുമ്പോൾ വാക്കുകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേ ണ്ടതാണെന്ന് ബഹു. അംഗങ്ങൾ അറിയിച്ചു. ഉത്തരവ് പുറത്തിറക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്ന് ചെയർ അറിയിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.8 | KVASU/GA/A2-10440/2020<br>പൊതുഭരണം - അസ്സിസ്റ്റന്റ്, സെക്ഷൻ ഓഫീസർ വിഭാഗം ജീവനക്കാരുടെ കരട് സീനിയോറിറ്റി പട്ടിക - ഫിനാൻസ് ഓഫീസർ ചെയർമാൻ ആയി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് - അനധ്യാപക സംഘടനകളുടെ അഭിപ്രായം അറിയിക്കു ന്നത് സംബന്ധിച്ച് - സംബന്ധിച്ച്. | സീനിയോറിറ്റി ലിസ്റ്റ് പുനക്രമീകരിക്കുന്ന തിനും ബാക്കി വിഷയങ്ങൾ പിന്നീട് ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

**(ഒപ്പ്)**

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ**
**(അധ്യക്ഷൻ)**

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.9 | കെ.വി.എ.എസ്.യു./ജി.എ./എ2/10310/20<br>പൊതുഭരണം - അന്തർ സർവ്വകലാശാല സ്ഥലംമാറ്റം സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തുന്നതിന് അനുമതി തേടുന്നത് - സംബന്ധിച്ച്. | സർവകലാശാലാ ലോ ഓഫീസർ പരിശോധിച്ച് അഭിപ്രായം അറിയിക്കുന്നതിന് നിർദ്ദേശം നല്കാൻ തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 6.1 | KVASU/FW/PEN_2/4328/2024<br>ധനകാര്യ വിഭാഗം - പെൻഷൻ - സേവനത്തിൽ നിന്നും 31.03.2025 ന വിരമിച്ച ശ്രീ.ഷിബു തിമത്തിയുടെ ഓഡിറ്റ് അപാകതകൾ സംബന്ധിച്ച്. | ഇപ്പോൾ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ* |

**പ്രധാന അജണ്ടക്ക് പുറമേയുള്ള കുറിപ്പുകൾ:**

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| OA: 1 | KVASU /DoE/ A1/ 62/2023<br>ഡി.ഇ - സർവകലാശാല കലാമത്സരങ്ങളുടെയും കായികമത്സരങ്ങളുടെയും നിയമാവലി അംഗീകരിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br>*നടപടി: ഡി.ഇ* |
| OA: 2 | KVASU/FW/PEN_2/4191/2025<br>ധനകാര്യ വിഭാഗം - പെൻഷൻ - സേവനത്തിൽ നിന്നും വിരമിച്ച/ വിരമിക്കുന്ന ജീവനക്കാർക്ക് ഡി.സി.ആർ.ജി. തുക അനുവദിക്കുന്നത് സംബന്ധിച്ച്. | അനുമതി നൽകി.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| OA: 3 | KVASU/GA/C1/3696/2025<br>പൊതുഭരണം - സർവകലാശാല ഹെഡ് ക്വാർട്ടേഴ്സിലേക്ക് പുതിയ രണ്ട് ടൊയോട്ട ഇന്നോവ വാഹനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബോർഡ് ഓഫ് മാനേജ്മന്റ് മുൻപാകെ സമർപ്പിക്കുന്നതിനായ്. | അനുമതി നൽകി.<br>ആയതിന്റെ കൂടെ ഇലക്ട്രിക് സ്കൂട്ടർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ* |

(ഒപ്പ്)

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

വൈസ് ചാൻസലർ
(അദ്ധ്യക്ഷൻ)

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| OA: 4 | KVASU/GA/LO/5744/2023<br>പൊതുഭരണം - തൊഴിലാളി വിഭാഗം - സർവകലാശാലയുടെ ഫാമുകളിൽ ഒഴിവുള്ള കാഷ്വൽ തൊഴിലാളി തസ്തികകളിലേക്ക് വിവിധ കോടതി, സർക്കാർ ഉത്തരവുകളുടെ പശ്ചാത്തലത്തിൽ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്ന വിഷയത്തിന്മേൽ 50-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗം തീരുമാനപ്രകാരം WPC 14462/2025 നമ്പർ റിട്ട് ഹർജിയിലെ 18.08.2025 തീയതിയിലെ വിധിന്യായം ഭരണസമിതിയുടെ പരിഗണനയിൽ കൊണ്ടുവന്ന് കാഷ്വൽ തൊഴിലാളി നിയമനം സംബന്ധിച്ചുള്ള തീരുമാനങ്ങൾക്ക് ഭരണസമിതിയുടെ തുടർ നിർദേശങ്ങൾക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്. | 50-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗ തീരുമാനപ്രകാരം രൂപീകരിച്ച കമ്മിറ്റിയോട് ദിവസ വേതനാടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കുന്ന രീതി എങ്ങനെയാണെന്ന് കൂടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കാൻ തീരുമാനിച്ചു.<br><br>നടപടി: രജിസ്ട്രാർ/ലേബർ ഓഫീസർ |

**അജണ്ടാക്കുറിപ്പുകൾക്ക് പുറമേയുള്ള ചർച്ചകളും തീരുമാനങ്ങളും:**

1. കഴിഞ്ഞ CAP നടത്തിയിട്ട് ഒന്നര വർഷം ആയെന്നും അന്ന് അഭിമുഖത്തിൽ പങ്കെടുത്ത സീനിയർ പ്രൊഫസറായി നില്ക്കുന്നവരുടെ ഉത്തരവ് നാളിതുവരെ ഇറക്കിയിട്ടില്ലെന്ന് ബഹു. അംഗം ഡോ. ശ്രീരഞ്ജിനി.എ.ആർ. അറിയിച്ചു. ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ടു. അടുത്ത ഭരണസമിതി യോഗത്തിന് മുൻപായി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് ചെയർ അറിയിച്ചു.
   *നടപടി: രജിസ്ട്രാർ*

2. അധ്യാപകരുടെ പ്രൊമോഷൻ വൈകിയാണ് നടക്കുന്നതെന്നും, വൈകി കിട്ടുന്നത് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നുണ്ടെന്നും ആയത് പരിഹരിക്കുന്നതിന് സർവകലാശാല ആക്ഷൻ പ്ലാൻ ഉണ്ടാക്കണമെന്ന് ബഹു. അംഗം ഡോ. ശ്രീരഞ്ജിനി.എ.ആർ. ആവശ്യപ്പെട്ടു. നിലവിലെ സർവകലാശാലയുടെ സാമ്പത്തിക സ്ഥിതി പ്രകാരം ആയത് നല്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് ചെയർ അറിയിച്ചു. സർക്കാറിൽ നിന്നും തുക ലഭ്യമാകുമ്പോൾ പരിഗണിക്കുന്നതാണ്.

| | |
|---|---|
| **രജിസ്ട്രാർ**<br>**(മെമ്പർ സെക്രട്ടറി)** | **(ഒപ്പ്)**<br>**വൈസ് ചാൻസലർ**<br>**(അധ്യക്ഷൻ)** |

സർവകലാശാല വരുമാനം വർദ്ധിപ്പിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റിയോട് ആക്ഷൻ പ്ലാൻ തയ്യാറാക്കി ശിപാർശ സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കാൻ തീരുമാനിച്ചു.
*നടപടി: രജിസ്ട്രാർ*

3. ബോർഡ് ഓഫ് മാനേജ്മെന്റ് അജണ്ടയിൽ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിന് അക്കാദമിക് വിഷയങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കുറഞ്ഞു വരുന്നതായും, ബോർഡ് ഓഫ് മാനേജ്മെന്റ് എന്ന നിലയ്ക്ക് 50% അജണ്ടകൾ വിദ്യാഭ്യാസ പരമായ അജണ്ടകൾ ആയിരിക്കണമെന്നും ബഹു. അംഗം ഡോ. ബിപിൻ കെ.സി. അറിയിച്ചു. അക്കാദമിക് കൌൺസിൽ, റിസർച്ച് കൌൺസിൽ എന്നിവ റഗുലർ ആയി ചേർന്ന് ബോർഡിലേക്ക് അജണ്ടകൾ വരണമെന്ന് അറിയിച്ചു.
   *നടപടി: രജിസ്ട്രാർ/ഡി.എ.ആർ.*

4. അടുത്ത ഭരണ സമിതി യോഗം മുതൽ ഭരണ സമിതി അംഗങ്ങളെ മാത്രം യോഗത്തിൽ പങ്കെടുപ്പിച്ചാൽ മതിയെന്ന് തീരുമാനിച്ചു. അംഗങ്ങൾ അല്ലാത്തവരുടെ സേവനം ആവശ്യം വരുമ്പോൾ അവരെ വിളിച്ച് ആവശ്യപ്പെടാവുന്നതാണ്.
   *നടപടി: രജിസ്ട്രാർ/ഡി.എ.ആർ./ഡി.ഇ./യൂണിവേഴ്സിറ്റി എഞ്ചിനീയർ.*

രജിസ്ട്രാർ, അധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 1.00 മണിക്ക് അവസാനിക്കുകയും ചെയ്തു.

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**
*(27/10/2025 തീയതിയിൽ അംഗീകരിച്ചു)*